പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 6337

08.11.2016 ൽ മറുപടിക്ക്

**ശ്രീ. ജേക്കബ് തോമസ് അനുമതി ഇല്ലാതെ പഠിപ്പിക്കാൻ പോയത് സംബന്ധിച്ച പരാതി**

**ചോദ്യം:**
**ശ്രീ. പി.ടി. തോമസ്**

**ഉത്തരം :**
**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** ശ്രീ. ജേക്കബ് തോമസ് കെ.റ്റി.ഡി.എഫ്.സി. എം.ഡി. ആയിരിക്കെ അനുമതി ഇല്ലാതെ റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ പഠിപ്പിക്കാൻ പോയത് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി നൽകിയത് ആരാണെന്നും എന്നാണ് നൽകിയതെന്നും അറിയിക്കുമോ;

**(എ)** ഉണ്ട്. 19.09.2015-ൽ കേന്ദ്ര ആഭ്യന്തര വകുപ്പ് മുഖേന ശ്രീ. സത്യൻ നരവൂർ എന്ന വ്യക്തി പരാതി നൽകിയിരുന്നു.

**(ബി)** ലഭിച്ച പ്രതിഫലം തിരിച്ചടച്ചു എന്ന് പറഞ്ഞ് അദ്ദേഹം ഹാജരാക്കിയിട്ടുള്ള രസീത് വ്യാജമാണെന്നും ശ്രീ. ജേക്കബ് തോമസിന്റെ അക്കൗണ്ടിൽ നിന്നും റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിന്റെ അക്കൗണ്ടിലേയ്ക്ക് പണം തിരിച്ചടച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

**(ബി)** ഇല്ല.

**(സി)** ഈ പരാതിയിൽ എന്തു നടപടി സ്വീകരിച്ചു; അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

**(സി)** ശ്രീ. ജേക്കബ് തോമസ് ഐ.പി.എസിന് എതിരെ നടത്തിയിരുന്ന വിജിലൻസിന്റെ കോൺഫിഡൻഷ്യൽ എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ആവശ്യമില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത വിവരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു.

**(ഡി)** അദ്ദേഹം പോർട്ട് ഡയറക്ടറായിരിക്കെ നടത്തിയ ക്രമക്കേടുകളെക്കുറിച്ച് ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിങ് സമർപ്പിച്ച റിപ്പോർട്ടിന്മേൽ അന്വേഷണവും നടപടിയും ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എന്നാണ് പരാതി ലഭിച്ചത്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**(ഡി)** പരാതി ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**